കോഴിക്കോട്-ഗാന്ധിജി-കേരളാ സർവ്വകലാശാലകൾക്ക്

പുതിയ കോളേജുകൾ

1443. [2046] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1985-86 വിദ്യാഭ്യാസ വർഷത്തിൽ പുതിയ കോളേജുകൾ തുടങ്ങുന്നതിന് കോഴിക്കോട്, ഗാന്ധിജി കേരളാ സർവ്വകലാശാലകൾ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ കോളേജുകൾ തുടങ്ങുന്നതിനാണ് ശുപാർശ ലഭിച്ചിട്ടുള്ളത് ;

(സി) ഈ ശുപാർശകളിൽ ഗവൺമെന്റ് എന്തു തീരുമാനമാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ശുപാർശകളിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല.

തൃശ്ശൂർ സർക്കാർ കോളേജിന് കെട്ടിടം പണി

1444. [2047] ശ്രീ. കെ. കെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തൃശ്ശൂർ സർക്കാർ കോളേജിന് കടല്ലൂരിൽ കെട്ടിടം പണിയുന്നതിന് തറക്കല്ല് ഇട്ടിട്ട് എത്ര നാളായി ;

(ബി) ഈ പണി തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) എന്ന് ഈ കോളേജിൽ അദ്ധ്യയനം നടത്തുവാൻ സാധിക്കുമെന്നു പറയാമോ ;

(ഡി) ഈ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ?

ഉത്തരം

(എ) മൂന്നര മാസമായി.

(ബി) കെട്ടിടം പണി ഏറ്റെടുക്കാൻ സ്വീകാര്യമായ ടെൻഡറുകളൊന്നും കിട്ടാത്തതുകൊണ്ട് ഈ പണി കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ട്.

(സി) 16 മാസത്തിനുള്ളിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി തീർക്കുമെന്നാണ് വ്യവസ്ഥ. പണി തീർന്നാലുടൻതന്നെ ഈ കോളേജിൽ അദ്ധ്യയനം നടത്തുവാൻ സാധിക്കും.

(ഡി) 19.50 ലക്ഷം രൂപയാണ്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly